Draft #5 of File 10695/AD A5/1/2019/AD A 5 Approved by DEPUTY REGISTRAR II (ADMIN) on 01-Aug-2019 02:24 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ജീവനക്കാര്യം -സർവ്വകലാശാല ലൈബ്രറി - ഡെപ്യൂട്ടി ലൈബ്രേറിയൻ,അസിസ്റ്റന്റ് ലൈബ്രേറിയൻ സ്ഥാനക്കയറ്റം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 3728/AD A 5/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 01.08.2019

---

പരാമർശം:-1.ശ്രീ.എസ്.അനിരുദ്ധൻ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I സമർപ്പിച്ച അപേക്ഷ തീയതി 09.07.2019

2.ശ്രീ.എസ്.അനിരുദ്ധൻ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) . 20236/2019 നം ഹർജി

3.25.07.2019ലെ 3529/AD A5 /2019/എം.ജി.യു നം സർവ്വകലാശാല ഉത്തരവ്

4.26.04.2019ലെ 1747/AD A5 /2019/എം.ജി.യു നം സർവ്വകലാശാല ഉത്തരവ്

5.18.07.2011 ലെ 3964/AV-1/2011/Admn/2094 നം സർവ്വകലാശാല ഉത്തരവ്

6 . GO(P) No.42/2016/P&ARD തീയതി 20.12.2010

**ഉത്തരവ്**

സർവ്വകലാശാല ലൈബ്രറിയിലെ ഡെപ്യൂട്ടി ലൈബ്രേറിയൻ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) 8870/2019 നമ്പർ ഹർജിയിൽ 04.07.2019 ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നടത്തുന്നതിന് ശ്രീ.ശ്രീകുമാർ.വി അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I അപേക്ഷിച്ചിട്ടുള്ളതായും ആയതിനാൽ ശ്രീ.ശ്രീകുമാർ.വി സർവ്വീസിൽ നിന്ന് വിരമിക്കുന്ന ഒഴിവിൽ 01.08.2019 ൽ നിലവിൽ വരുന്ന ഡെപ്യൂട്ടി ലൈബ്രേറിയൻ ഒഴിവിലേക്ക് ഗ്രേഡ് ഒന്ന് അസിസ്റ്റന്റ് ലൈബ്രേറിയന്മാരിൽ സീനിയർമോസ്റ്റ് ആയ തന്നെ പരിഗണിക്കണമെന്ന് പരാമർശം (1) പ്രകാരം ശ്രീ.എസ്.അനിരുദ്ധൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് നടപ്പാക്കി കിട്ടുന്നതിന് പരാമർശം (2) പ്രകാരം ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ ശ്രീ.എസ്.അനിരുദ്ധൻ സമർപ്പിച്ച അപേക്ഷ, WP(C) 8870/2019 നമ്പർ ഹർജിയിൽ 04.07.2019 ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിന് ബഹു.ഹൈക്കോടതി 26.07.2019 തീയതിയിൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

സർവ്വകലാശാല ലൈബ്രറിയിലെ ഡെപ്യൂട്ടി ലൈബ്രേറിയൻ സ്ഥാനക്കയറ്റം സംബന്ധിച്ച് ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം സർവ്വകലാശാല ലൈബ്രറിയിലെ ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.ശ്രീകുമാർ.വി, ഡെപ്യൂട്ടി ലൈബ്രേറിയൻ പുനർനാമകരണ തസ്തികയിൽ ജോലി നോക്കി വരുന്ന

ശ്രീ. ഉണ്ണികൃഷ്ണൻ എസ് എന്നിവർ 31.07.2019 ൽ വിരമിച്ചത് മൂലം സർവ്വകലാശാല ലൈബ്രറിയിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിൽ രണ്ട് ഒഴിവുകൾ നിലവിൽ വരുന്നത് കണക്കിലെടുത്ത് ബഹു.ഹൈക്കോടതി നിർദ്ദേശം പരിഗണിച്ച് സർവ്വകലാശാല ലൈബ്രറിയിൽ താഴെപ്പറയുന്ന വിധത്തിൽ സ്ഥാനക്കയറ്റങ്ങൾ നടപ്പാക്കുന്നതിനും നിലവിൽ സർവ്വകലാശാല ലൈബ്രറിയിലും സ്റ്റഡി സെന്ററുകളിലും ജോലി ചെയ്യുന്ന അസിസ്റ്റന്റ് ലൈബ്രേറിയന്മാർ ഏതൊക്കെ സെക്ഷനുകളിൽ ,എത്ര കാലമായി ജോലി ചെയ്തുവരുന്നു എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് 2019 ആഗസ്റ്റ് മാസം 07 നകം രജിസ്ട്രാർക്ക് കൈമാറുന്നതിന് യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ-ചാർജ്ജിനെ ചുമതലപ്പെടുത്തിയും വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

| ക്രമ നം | പേര്, തസ്തിക | സ്ഥാനക്കയറ്റതസ്തിക ശമ്പള സ്കെയിൽ, പ്രാബല്യം | തസ്തിക ഉൾക്കൊള്ളിച്ചിരിക്കുന്നത് | നിയമനം നൽകിയിരിക്കുന്ന സെക്ഷൻ |
|---|---|---|---|---|
| 1 | ശ്രീ.എസ്.അനിരുദ്ധൻ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I | ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു 01.08.2019 | ശ്രീ.ശ്രീകുമാർ.വി, ഡെപ്യൂട്ടി ലൈബ്രേറിയൻ 31.07.2019 ൽ വിരമിച്ച ഒഴിവിൽ | സർവ്വകലാശാല ലൈബ്രറി ഡെപ്യൂട്ടി ലൈബ്രേറിയൻ -2 |
| 2 | ശ്രീമതി.മിനി.ജി.പിള്ള സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ലൈബ്രേറിയൻ | ഡെപ്യൂട്ടി ലൈബ്രേറിയൻ പുനർനാമകരണ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു 01.08.2019 | ശ്രീ.ഉണ്ണികൃഷ്ണൻ.എസ് ഡെപ്യൂട്ടി ലൈബ്രേറിയൻ ( പുനർനാമകരണ തസ്തിക) 31.07.2019 ൽ വിരമിച്ച ഒഴിവിൽ | സർവ്വകലാശാല ലൈബ്രറി ഡെപ്യൂട്ടി ലൈബ്രേറിയൻ -3 |
| 3 | ശ്രീ.രാജു വർഗീസ് അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു 42500-87000 01.08.2019 | ശ്രീ.എസ്.അനിരുദ്ധൻ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I ന് ഡെപ്യൂട്ടി ലൈബ്രേറിയൻ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | സർവ്വകലാശാല ലൈബ്രറി |

Draft #5 of File 10695/AD A5/1/2019/AD A 5 Approved by DEPUTY REGISTRAR II (ADMIN) on 01-Aug-2019 02:24 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| | | | | |
|---|---|---|---|---|
| | | | | |
| 4 | ഡോ.സുരേഷ് കുമാർ.വി റഫറൻസ് അസിസ്റ്റന്റ് | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു 39500-83000 01.08.2019 | ശ്രീ.രാജു വർഗീസിന് അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് I സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ | സർവ്വകലാശാല ലൈബ്രറി. |
| 5 | ശ്രീ. ബിജു ഫിലിപ്പ് റഫറൻസ് അസിസ്റ്റന്റ് | അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ് II തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു 39500-83000 01.08.2019 | ശ്രീമതി മിനി ജി പിള്ള സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് ലൈബ്രേറിയന് ഡെപ്യൂട്ടി ലൈബ്രേറിയൻ സ്ഥാനക്കയറ്റം നൽകിയത് മൂലം അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലുണ്ടായ ഒഴിവ് | സർവ്വകലാശാല ലൈബ്രറി |

സർവകലാശാലക്ക് ബാധകമായ 2009,2014 എന്നീ ശമ്പള പരിഷ്കരണ ഉത്തരവുകളിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ (നോൺ-യൂ.ജി.സി) തസ്തികയുടെ ശമ്പള സ്കെയിൽ ലഭ്യമല്ലാത്തതിനാൽ ഇതു സംബന്ധിച്ച് സർക്കാർ അനുമതി തേടിയതിന് ശേഷം ശ്രീ.എസ്.അനിരുദ്ധന്റെ ഡെപ്യൂട്ടി ലൈബ്രേറിയൻ (നോൺ-യു.ജി.സി) തസ്തികയിലെ ശമ്പള സ്കെയിൽ നിശ്ചയിച്ച് നൽകുന്നതാണ്.

വിരമിക്കൽ പ്രായം സംബന്ധിച്ച് ഡോ.ലൈല ടി എബ്രഹാം ലൈബ്രേറിയൻ (സ്റ്റേജ് V ) ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C) 7184/2019 നം ഹർജി സംബന്ധിച്ച പരാമർശം (4) ഉത്തരവ് മേൽ സ്ഥാനക്കയറ്റങ്ങൾക്ക് ബാധകമായിരിക്കും

സർവ്വകലാശാലയിലെ ഡെപ്യൂട്ടി ലൈബ്രേറിയന്മാരുടെ കർത്തവ്യങ്ങളും ചുമതലകളും സംബന്ധിച്ച പരാമർശം (5) ഉത്തരവ് പ്രകാരം ലൈബ്രറിയിലെ ഡെപ്യൂട്ടി ലൈബ്രേറിയൻ 1 തസ്തികയുടെ ചുമതല ശ്രീമതി അന്നു ജോർജ്ജ്, ഡെപ്യൂട്ടി ലൈബ്രേറിയൻ നിർവ്വഹിക്കേണ്ടതാണ്.

ഡോ.സുരേഷ് കുമാർ വി, റഫറൻസ് അസിസ്റ്റന്റിന് അസിസ്റ്റന്റ് ലൈബ്രേറിയൻ സ്ഥാനക്കയറ്റം നൽകുന്നത് മൂലം സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സ് വകുപ്പിൽ നിലവിൽ വരുന്ന ഒഴിവ് പിന്നീട് നികത്തുന്നതാണ്.

ചുമതലാ വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ .

Draft #5 of File 10695/AD A5/1/2019/AD A 5 Approved by DEPUTY REGISTRAR II (ADMIN) on 01-Aug-2019 02:24 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പരാമർശം (6) സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേക്ക് 01.04.2010 നോ അതിന് ശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ സേവനകാലാവധിക്കുള്ളിൽ ആറു മാസം എന്ന് നിജപ്പെടുത്തിയിട്ടുണ്ട്.ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറു മാസക്കാലത്തെ സേവനകാലം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീലത എൻ

ഡപ്യൂട്ടി രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
2. വൈസ് ചാൻസലർ,പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
3.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ
4.യൂണിവേഴ്സിറ്റി ലൈബ്രേറിയൻ ഇൻ-ചാർജ്ജ്
5.വകുപ്പ് മേധാവി, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് & പൊളിറ്റിക്സ്
6.എ.ആർII (ഭ.വി)/ഡി.ആർ II(ഭ.വി) /ജെ.ആർ I (ഭ.വി)
7.ജനറൽ ക്യാഷ്/ഫിനാൻസ് I, II,III,IV ./ഓഡിറ്റ് II, III/എഫ്.സി.സി
8.ഐ.ക്യൂ.എ.സി / CITAD
9.കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ലീഗൽ സെക്ഷൻ
10.ജോയിന്റ് ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
11.റിക്കാർഡ്സ് സെക്ഷൻ/കരുതൽ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 10695/AD A5/1/2019/AD A 5 Approved by DEPUTY REGISTRAR II (ADMIN) on 01-Aug-2019 02:24 PM - Page 4
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം